LIBRARY ARCHIVES Kerala Legislative Assembly

ഉടുമ്പൻചോല ഹാഡ പദ്ധതി

28 (4063) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാഡ പദ്ധതിയിൽപ്പെടുത്തി ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; പഞ്ചായത്തും വർഷവും തിരിച്ച് വിശദാംശം നൽകാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാശം അനുബന്ധമായി ചേർക്കുന്നു.*

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

29 (4064) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ ഏത് ; ഇനിയും പൂർത്തീകരിക്കുവാനുള്ളത് ഏതൊക്കെയെന്നും, പ്രവൃത്തി ആരംഭിക്കുവാനുള്ളത് ഏതൊക്കെയെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടി റോഡുകളിൽ ഒന്നുംതന്നെ പൂർത്തീകരിച്ചിട്ടില്ല. "ഉദയമറ്റം-മാമ്പ്രപ്പാടം" റോഡിന്റെ എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ തീയതി 12-11-2015-ഉം "കാരക്കാട്-തവിട്ടുപൊയ്യ" റോഡിന്റേത് 23-12-2015-ഉം ആകുന്നു. ഒരു പ്രവൃത്തിയും ആരംഭിക്കാനായി അവശേഷിക്കുന്നില്ല.

(സി) ടി റോഡുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.